# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 26 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## കോവിഡ് 19: നടപടി തുടരുന്നു

അടച്ചിടൽ നിർദ്ദേശങ്ങൾ ലംഘിച്ചതിന്റെയും വ്യാജ വാർത്തകൾ പ്രചരിപ്പിച്ചതിന്റെയും പേരിൽ ജില്ലയിൽ ഇതുവരെ അറസ്റ്റ് ചെയ്തവരുടെ എണ്ണം 580 ആയി. 488 കേസുകളിലായാണ് ഇത്രയും പേർ അറസ്റ്റിലായത്.

## സഹായഹസ്തവുമായി ഗരുഡ ഹോട്ടൽ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ ഭരണകൂടത്തിന് സഹായവുമായി പ്രമുഖ ഹോട്ടൽ ഗ്രൂപ്പായ ഗരുഡ. തൃശൂരിലെ പഞ്ചനക്ഷത്ര ഹോട്ടലായ ഗരുഡ ഹോട്ടൽ ആൻഡ് റിസോർട്ട്സ് 45 മുറികൾ ഉൾക്കൊള്ളുന്ന ഹോട്ടൽ സമുച്ചയം തന്നെ വിട്ട് നൽകിയാണ് പ്രതിരോധത്തിൽ പങ്കാളിയായത്. കുറുപ്പം റോഡിൽ സ്ഥിതി ചെയ്യുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ഹോട്ടൽ സമുച്ചയം കോവിഡ് കെയർ സെന്ററുകൾ ഒരുക്കുന്നതിനും ആളുകളെ താമസിപ്പിക്കുന്നതിനുമാണ് ജില്ലാ ഭരണകൂടത്തിന് കൈമാറിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന് ഹോട്ടൽ ഉടമകൾ സമ്മതപത്രം കൈമാറി. ഗരുഡ ഹോട്ടൽ ആൻഡ് റിസോർട്ട്സ് എംഡി ഗിരിജാവല്ലഭന്റെ നിർദ്ദേശപ്രകാരം കോർപ്പറേറ്റ് ജനറൽ മാനേജർ സി രാമനുണ്ണി, ബിസിനസ്സ് എജിഎം പി ആർ രാഹുൽ, റൂം ഡിവിഷൻ എജിഎം ചാർലി ചുങ്കത്ത്, ഫിനാൻസ് എജിഎം ഫ്രാങ്കോ എന്നിവർ ചേർന്നാണ് സമ്മതപത്രം കൈമാറിയത്. ജില്ലാ കളക്ടർ എസ് ഷാനവാസ് പങ്കെടുത്തു.

## 103 വ്യാപാരസ്ഥാപനങ്ങളിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധന; 31 കടകളിൽ ക്രമക്കേട് കണ്ടെത്തി

പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിനായി ജില്ലയുടെ വിവിധ താലൂക്കുകളിൽ പൊതുവിതരണ വകുപ്പ് നടത്തിയ പരിശോധനയിൽ 31 വ്യാപാരസ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്തി. പലചരക്ക് പച്ചക്കറി വ്യാപാരസ്ഥാപനങ്ങളിൽ ആയി 103 സ്ഥാപനങ്ങളിലാണ് പൊതുവിതരണ വകുപ്പ് പരിശോധന നടത്തിയത്. ഇതിൽ പലചരക്ക് വിഭാഗത്തിൽ 51 കടകളിലും പച്ചക്കറി വിഭാഗത്തിൽ 52 കടകളിലും ആണ് പരിശോധന നടന്നത്. ഇതിൽ തൃശൂർ താലൂക്കിൽ ആറും തലപ്പിള്ളി താലൂക്കിൽ പതിനാറും ചാവക്കാട് താലൂക്കിൽ ഒന്നും ചാലക്കുടി താലൂക്കിൽ രണ്ടും കൊടുങ്ങല്ലൂർ താലൂക്കിൽ ആറും കടകളിലായാണ് ക്രമക്കേട് കണ്ടെത്തിയത്. പലചരക്ക് വിഭാഗത്തിൽ തൃശൂർ-8 തലപ്പിള്ളി-26, ചാവക്കാട്-3, മുകുന്ദപുരം-8, ചാലക്കുടി-5, കൊടുങ്ങല്ലൂർ-1 എന്നിങ്ങനെയും പച്ചക്കറി വിഭാഗത്തിൽ തൃശൂർ-10, തലപ്പിള്ളി-22, ചാവക്കാട്-1, മുകുന്ദപുരം-4,

ചാലക്കുടി-7, കൊടുങ്ങല്ലൂർ-8 എന്നിങ്ങനെയുമായാണ് പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ എണ്ണം. ദിവസങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പരിശോധന വ്യാപിപ്പിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് അറിയിച്ചു.

## കോവിഡ് 19: കൊടുങ്ങല്ലൂരിൽ എംഎൽഎയുടെ അധ്യക്ഷതയിൽ അവലോകനയോഗം ചേർന്നു

കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ കൊടുങ്ങല്ലൂർ നഗരസഭയിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് അഡ്വ.വി.ആർ.സുനിൽകുമാർ എംഎൽഎ അവലോകന യോഗം വിളിച്ചു ചേർത്തു. നഗരസഭ പ്രദേശത്ത് ഇപ്പോൾ 324 പേരാണ് വീടുകളിൽ നിരീക്ഷണത്തിലുള്ളത്. അവശ്യസാധനങ്ങൾ വിലക്കുന്ന കടകൾ കാലത്ത് 7 മണി മുതൽ 5 മണി വരെ എന്നുള്ളത് കർശനമായി പാലിക്കുവാൻ ആവശ്യപ്പെട്ടു. പോലീസിന്റെ നിരീക്ഷണം കർശനമാക്കണം. എല്ലാവരും വലിയ അളവിൽ അരിയും മറ്റ് സാധനങ്ങളും വാങ്ങി സ്റ്റോക്ക് ചെയ്ത് ക്ഷാമമുണ്ടാക്കരുത്. കടകളിൽ ആൾകൂട്ടമുണ്ടാകാതെ നിയന്ത്രണം ഏർപ്പെടുത്തണം. അമിത വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരോടാവശ്യപ്പെട്ടു.വാഹനം ഉപയോഗിച്ച് ചുറ്റിക്കറങ്ങുന്നത് ഒഴിവാക്കണം. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ആവശ്യമെങ്കിൽ ഭക്ഷണം എത്തിച്ചു നൽകണം. മാസ്ക്, സാനിറൈറസർ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തണമെന്നും ഇവ നിർമ്മിക്കുന്നതിനാവശ്യമായ സ്പിരിറ്റ് എക്സൈസ് വകുപ്പിൽ നിന്ന് ലഭ്യമാക്കുവാൻ നടപടിയെടുക്കുവാനും യോഗം തീരുമാനിച്ചു. നഗരസഭ ചെയർമാൻ കെ ആർജൈത്രൻ നഗരസഭയിൽ നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ കെ എസ് കൈസാബ്, സി.കെ.രാമനാഥൻ, നഗരസഭ സെക്രട്ടറി ടി കെ സുജിത്, താലൂക്കാശുപത്രി സൂപ്രണ്ട് ഡോ. ടി.വി.റോഷ്, ഡോ.ഗായത്രി, സബ് ഇൻസ്പെക്ടർ ബസന്ത്, എന്നിവർ പങ്കെടുത്തു.